വിരുന്നുവന്നവൻ വീട്ടുകാരനാവുന്നു

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ജന്മ ഭൂമി വിട്ട് പുതിയ മേഖലകളിലേക്ക് വ്യാപിക്കുന്നതിനുള്ളതാത്പര്യം ജീവജാതികൾക്കെല്ലാമുണ്ട്. സസ്യങ്ങളും ജന്തുക്കളുമെല്ലാം ഇക്കാര്യത്തിൽ ഒന്നു പോലെ തന്നെ. പലപ്പോഴും കുടിയേറുന്ന ജാതികൾ പുതിയ മേഖലകളിൽ പ്രതാപം പ്രതിഷ്ഠിക്കുന്നു. ഇതു സംഭവിക്കുമ്പോൾ ദീർഘകാലമായി നില നിന്നിരുന്ന സ്വദേശികളെ പിൻതള്ളാനോ, നിരുത്സാഹപ്പെടുത്താനോ, ചിലപ്പോൾ നിർമ്മാർജ്ജനം ചെയ്യാനോ ഇടയായെന്നു വരും. വിരുന്നു വന്നവൻ വീട്ടു നാഥനായിത്തീരുക മാത്രമല്ല, വിപത്തായി വളരാനും ഉറയ്ക്കാനും ഇട വരുകയും ചെയ്യുന്നത്, ആദ്യത്തെ പരിതസ്ഥിതിയിലെ സന്തുലിതാവസ്ഥയ്ക്ക് ഭംഗമുണ്ടാക്കാറുണ്ട്.

വെള്ളക്കാർ ആസ്ട്രേലിയയിലേക്ക് കുടിയേറിയ ശേഷം അവിടെയുണ്ടായ മാററങ്ങൾ തന്നെ ശ്രദ്ധിക്കുക. തദ്ദേശവാസികളുടെ ഇന്നത്തെ സ്ഥിതിയെന്താണ്? എവിടെയൊക്കെ വെള്ളക്കാരന്റെ കാലടിപ്പാടുകൾ പതിഞ്ഞിട്ടുണ്ടോ അവിടെയെല്ലാം ആദിവാസികൾ അധഃപതിക്കുക്കുകയോ, അരങ്ങ് ഒഴിഞ്ഞു കൊടുക്കേണ്ടി വരുകയോ ചെയ്യുന്നു എന്നാണ്, ഒരു നൂററാണ്ടിനു മുമ്പുതന്നെ, ചാറത്സ് ഡാർവ്വിൻ രേഖപ്പെടുത്തിയിരിക്കുന്നത്. വർഗ്ഗമേധാവിത്വം വരുത്തുന്ന വിനാശത്തിന്റെ ദുഃഖേതിഹാസങ്ങൾ വിരചിച്ചിട്ടില്ലാത്ത ഭൂഖണ്ഡങ്ങളില്ല. ആഫ്രിക്കയിലും ആസ്ട്രേലിയയിലും അമേരിക്കകളിലും ഇത് എത്രയോ പ്രത്യക്ഷമാണെന്നു മാത്രം. മററു ഭൂ പ്രദേശങ്ങളിൽ ഇത്രയും ഉഗ്രമായി ആത് സംഭവിച്ചിട്ടില്ലെങ്കിൽ അതിന് അടിസ്ഥാനം, അവിടങ്ങളിലെ ആളുകളുടെ ചെറുത്തു നില്പിനുള്ള കഴിവാണ്. ഏഷ്യയിലും മററും പ്രതാപം പ്രതിഷ്ഠിക്കുവാൻ വെള്ളക്കാർക്ക് കഴിഞ്ഞെങ്കിലും, അവിടങ്ങളിലെ ജനസമൂഹങ്ങളെ അടക്കി വാഴാനും കുറെയൊക്കെ അധഃപതിപ്പിക്കുവാനുമല്ലാതെ, അസ്തമിപ്പിക്കുവാൻ സാധിച്ചില്ല. ആയുധശക്തിയും, അതി വിദഗ്ധമായി ആസൂത്രണം ചെയ്തു നടപ്പാക്കിയ ഗൂഢ പ്രവർത്തനങ്ങളുമാണ് ആധിപത്യത്തിന്റെ പടവുകൾ പണിഞ്ഞത്. അന്യ ഭൂഖണ്ഡങ്ങളിൽ, പ്രത്യേകിച്ച് ആസ്ട്രേലിയയിലും അമേരിക്കകളിലും, ആദിവാസികൾ ഇന്ന് മിക്കവാറും അസ്തമിച്ചു. മനുഷ്യൻ മനുഷ്യനോടു കാട്ടിയിട്ടുള്ള കടും ക്രൂരതയുടെ കദന കഥകളാണ് അവിടങ്ങളിലെ ചരിത്രം അനാവരണം ചെയ്യുന്നത്. എസ്കിമോകളുടെയും അമേരിക്കനിന്ത്യക്കാരുടെയും ആസ്ടെക്കുകളുടെയും ഇങ്കകളുടെയും മായരുടെയും മററും അധഃപതനം വരുത്തി വച്ചത് വെള്ളക്കാരനാണ്. ആസ്ട്രേലിയയിലേയും ന്യുസിലണ്ടിലേയും ആദിവാസികളുടെ കാര്യവും ഇതിൽ നിന്ന് ഒട്ടും ഭിന്നമല്ല.

മനുഷ്യരുടെ കാര്യം അവിടെ നില്ക്കട്ടെ.

മദ്ധ്യധരണ്യാഴി പ്രദേശത്തു നിന്നാണ് ഇംഗ്ളണ്ടിൽ മുയൽ ചെന്നെത്തിയത്. മനഃപൂർവ്വം ചിലർ അവിടെ അതിനെ കൊണ്ടു വിട്ടത് പതിനൊന്നാം നൂററാണ്ടിലാണെന്നാണ് അറിവ്.

പെററു പെരുകി കടുത്ത വിനയായി അവ എല്ലായിടത്തും വ്യാപിച്ചത് പത്തൊമ്പതാം നൂററാണ്ടിലാണ്. ഇംഗ്ളണ്ടിൽനിന്നാണ് മുയൽ ആസ്ട്രേലിയയിൽ എത്തിയത്. ആദ്യകാലത്തെ കുടിയേററക്കാരിൽ ചിലർ 1859-ൽ ആണത്രെ അതിനെ അവിടെ കൊണ്ടു വിട്ടത്. പ്രകൃതിദത്തമായ വിപരീതാവസ്ഥകളോ ശത്രുക്കളോ ഇല്ലാതിരുന്നതിനാൽ ക്രമേണ അത് പെരുകി കടുത്ത വിനയായി മാറി. ആസ്ട്രേലിയൻ വൻകരയിൽ മുഴുവൻ വ്യാപിക്കുവാൻ ഈ കാലത്ത് അതിന് സാധിച്ചു. ഗത്യന്തരമില്ലാതായപ്പോൾ, യൂറോപ്പിൽ നിന്ന് കുറുക്കനെ അവിടെ കുടിയേററി. പക്ഷേ കുറുക്കൻ കരുതിയിട്ടും മുയലിനെ നിയന്ത്രണ വിധേയമാക്കാൻ സാധിച്ചില്ല. മറിച്ച് കുറുക്കൻ തന്നെ മറെറാരു വിനയായി വർദ്ധിക്കുകയുമുണ്ടായി! ആസ്ട്രേലിയയിലെ കൃഷി മാത്രമല്ല ആടു വളർത്തലും ഇങ്ങനെ ഭീഷണിക്കു വിധേയമാകുകയും ചെയ്തു!

മുയലിനെ നിയന്ത്രിക്കാൻ മറെറാരു മാർഗ്ഗമാണ് കണ്ടെത്തിയത്. അതിന് അത്യാപത്തു വരുത്തുന്ന ഒരു തരം വൈറസ്സിനെ (Myxomatosis) പ്രചരിപ്പിക്കുക. അതിന്റെ ഫലമായി മുയലിന്റെ എണ്ണം ഗണ്യമായി ക്ഷയിച്ചു. എന്നാൽ അടുത്ത കാലത്തായി വൈറസ്സിനെ ചെറുക്കുവാൻ തക്ക കരുത്ത് മുയലിന് വന്നിട്ടുണ്ടെന്നാണറിവ്! മുയലിനെ നിലയ്ക്കു നിർത്തുവാനായി കൊണ്ടിറക്കിയ കുറുക്കൻ വർദ്ധിച്ച് ആസ്ട്രേലിയയിലെ സഞ്ചി മൃഗജാതികളെ ചില്ലറയല്ല നശിപ്പിക്കുന്നത്.

ഇതു പോലെയുള്ള കഥ തന്നെയാണ് ആസ്ട്രേലിയയിൽ കൊണ്ടിറക്കിയ സ്കോട്ടിഷ് മാനിന്റേതും. പുല്ലു മേഞ്ഞു വളരുന്ന മാനിന് അവിടെ വർഗ്ഗ ശത്രുക്കളൊന്നുമില്ലാതിരുന്നതിനാൽ, പുൽ മേടുകളിൽ പെററു പെരുകുവാൻ പ്രയാസമുണ്ടായില്ല. അതിന്റെ ഫലമായി ആസ്ട്രേലിയയിലേയും ന്യൂസിലണ്ടിലേയും വിശാലമായ മേഖലകളിലെ പുൽ മേടുകൾ ക്ഷയിച്ച്, മണ്ണൊലിപ്പിനു വിധേയമായിത്തീർന്നിട്ടുണ്ട്. അന്യ നാടുകളിൽ മാനിറച്ചിക്കുള്ള പ്രിയം കാരണം നിശ്ചിത പദ്ധതിയനുസരിച്ച് അവയെ വേട്ടയാടിയും മററും നിയന്ത്രിക്കാമെന്നാണ് ഇന്നു കരുതുന്നത്!

മാനിന്റെ കാര്യം പറഞ്ഞപ്പോൾ മറെറാരു അനുഭവമാണ് ഓർമ്മയിൽ വരുന്നത്. ആൻഡമാൻ ദ്വീപസമൂഹങ്ങളിൽ പുള്ളിമാനിനെ കൊണ്ടിറക്കിയത് 1915-ൽ ആണെന്നാണ് അറിവ്. ആ ദ്വീപുകളിൽ മാനിന്റെ ശത്രുക്കളായി മനുഷ്യരല്ലാതെ മറെറാന്നുമില്ല. അതുകൊണ്ട് മാനിന് വർദ്ധിക്കുവാൻ വിഷമമുണ്ടായില്ല. ഇന്ന് കൃഷിക്കാർക്ക് ഏററവും അധികം നഷ്ടം വരുത്തുന്ന ഒരു ജന്തുവായി അത് പെരുകിയിട്ടുണ്ട്. ഭാരത വൻ കരയിൽ നിയമ സംരക്ഷണത്തിനു വിധേയമായിട്ടുള്ള പുള്ളിമാൻ, ആൻഡമാൻ ദ്വീപ സമൂഹങ്ങളിൽ വമ്പിച്ച ഒരു വിനയാണ്?

ആൻഡമാൻ പ്രദേശത്ത് കടന്നു കയറിയ പ്രതാപിയായിട്ടുള്ള മറെറാരു ജീവിയാണ് ആഫ്രിക്കൻ ഒച്ച്. ഇതും കൃഷിയ്ക്ക് വൻ തോതിൽ നാശം വരുത്തുന്നുണ്ട്. ഭാവനാതീതമായി പ്രത്യുൽപ്പാദനം നടത്തുന്നതിനാലും വർഗ്ഗ ശത്രുക്കൾ ഇല്ലാത്തതിനാലും അത് നിയന്ത്രണാതീതമായ നില പ്രാപിച്ചിരിക്കുന്നു. ആഫ്രിക്കൻ ഒച്ച് കേരളത്തിലെ ചില പ്രദേശങ്ങളിലും വ്യാപിച്ചിട്ടുണ്ട് എന്നാണ് അറിവ്.

നമ്മുടെ നാട്ടിൽ ഗണ്യമായി നശിച്ച, അത്യം [illegible]യായേക്കുമെന്നു സംശയിക്കപ്പെടുന്ന ഒരു ജന്തുവാണ് കീരി. ജമേക്കയിൽ വലിയ നാശം വരുത്തിക്കൊണ്ടിരിക്കുന്ന എലിയെ

ശേഷം 10-ാം പേജിൽ

> **ആസ്ട്രേലിയയിൽ വിരുന്നുകാരായെത്തിയ മുയലുകൾ ഉപദ്രവകാരികളായി വളർന്നപ്പോൾ അവയെ അമർച്ച ചെയ്യുവാൻ കുറുക്കൻമാരെത്തി. പിന്നീട് കുറുക്കൻമാർ മറെറാരു വിനയായിത്തീർന്നു. ആൻഡമാനിൽ എത്തിയ മാനുകളുടെയും ജമെയ്ക്കയിൽ കൊണ്ടുവിട്ട കീരികളുടെയും കഥയുമിങ്ങനെയാണ്. സസ്യങ്ങളും ഇങ്ങനെ വിരുന്നുകാരായി വന്ന് വീട്ടുകാരായി തീരുന്നുണ്ട്.**

വിനയായിത്തീർന്ന വിരുന്നുകാർ

7-ാം പേജ് തുടർച്ച

നശിപ്പിക്കുവാൻ മററു വഴികളൊക്കെ അടഞ്ഞപ്പോൾ കീരിയെ പരീക്ഷണാർത്ഥം അവിവിടെ കൊണ്ടു ചെന്നു. ലണ്ടനിലെ കാഴ്ച ബംഗ്ളാവിൽ, കൂട്ടിലിട്ടു വളർത്തിയ കുറെകീരികളെയാണ് ഇതിനായി കൊണ്ടുവിട്ടത്. കൂട്ടിൽ വളർന്നുശീലിച്ച കീരി എലിയെകണ്ട് പലായനം ചെയ്യാൻ തുടങ്ങി. എലികൾക്ക് ഒരു കുറവും വന്നുമില്ല. ! അതുകൊണ്ട് ഇന്ത്യയിൽ നിന്ന് ഒരുകൂട്ടം കീരിയെ അവിടെ കൊണ്ടുവിട്ടു. കീരി പെററു പെരുകി കിട്ടിയ എലികളെയൊക്കെ നശിപ്പിക്കാൻ തുടങ്ങി. എന്നാൽ ബുദ്ധിയുള്ള എലികൾ കൂടുവയ്ക്കുന്ന പതിവ്, നിലത്തുള്ള മാളങ്ങളിൽ നിന്നു മരക്കൊമ്പുകളിലേക്കാക്കി. അതുകൊണ്ട് കീരിക്ക് കാര്യമായി ഒന്നും ചെയ്യാൻവയ്യാതെയും വന്നു. കീരിക്ക് മരംകേറാൻ വശമില്ലല്ലോ! ഇതിന്റെ ഫലമായി കീരിയും, എലിയും ഒപ്പം പെരുകി, രണ്ടും ആ ദ്വീപസമൂഹങ്ങളിലെ വിനകളായി ഭവിച്ചു. ഈ സാഹചര്യം മററു ചില ദ്വീപ സമൂഹങ്ങളിലും ഉണ്ടായിട്ടുണ്ട്. ഇന്ന് കീരിയേയും എലിയേയും നശിപ്പിക്കുവാനുള്ള പുതിയ മാർഗ്ഗങ്ങൾതേടുകയാണ്.

ആകസ്മികമായി അന്യനാട്ടിൽ കടന്നു കൂടുന്ന പ്രാണികൾ പുതിയ സങ്കേതത്തിൽ അതിവേഗത്തിൽ വർദ്ധിച്ച് ആപത്തുണ്ടാക്കുന്നതും അപൂർവ്വമല്ല. ഇന്നത്തെ സഞ്ചാര സൗകര്യങ്ങളും വിഭവങ്ങൾ വിപണനം ചെയ്യുന്നതിനുള്ള ഏർപ്പാടുകളും ഇത്തരത്തിലുള്ള സാദ്ധ്യതകൾവർദ്ധിപ്പിച്ചിട്ടുണ്ട്. പലപ്പോഴും പടർന്നു പിടിക്കാറുള്ള മഹാമാരികൾ ഇവ വരുത്തിവയ്ക്കുന്ന പ്രശ്നങ്ങൾക്ക് ഉദാഹരണമത്രേ. 'ഫ്ളൂ,വിന്റെ കാര്യം ഇവിടെ ഓർമ്മിക്കട്ടെ. ഇതും പുതിയ മേഖലകളിൽ പ്രവേശിക്കുന്നവയ്ക്കുണ്ടാകുന്ന പ്രതാപത്തിൽ നിന്നുളവാകുന്ന പ്രതിസന്ധിയാണ്.

ജന്തുക്കളുടെ കാര്യത്തിൽമാത്രമല്ല ഈ പ്രതിഭാസം പ്രകടമാകാറുള്ളത്. നമ്മുടെ നാട്ടിലെ ചില ചെടികളുടെ വളർച്ച പരിശോധിച്ചാൽ ഇതിന്റെ ഏതാണ്ട് ഒരു രൂപം പ്രകടമാകും. മിക്കവാറും എല്ലാ ജലാശയങ്ങളെയും കീഴടക്കിക്കഴിഞ്ഞിരിക്കുന്ന ആഫ്രിക്കൻപായൽഉയർത്തുന്ന കഠിനമായ പ്രശ്നങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ. ഗുണമുള്ളതല്ലെങ്കിലും അഴകുള്ള പുഷ്പത്തിൽ ആകൃഷ്ടനായ സായിപ്പ് ആദ്യമായി കൽക്കട്ടയിൽ കൊണ്ടു വന്ന ഈ ചെടിയുടെ വർഗ്ഗ വർദ്ധന ഭാരതത്തിലാകമാനം പ്രശ്നങ്ങളുളവാക്കുന്നു. മററു ജല ചെടികളെ ഞെരുക്കി കൊല്ലാനും തത്സ്ഥാനങ്ങൾ സ്വായത്തമാക്കാനും ആഫ്രിക്കൻ പായലിനുള്ള കഴിവ് അത്ഭുതകരം തന്നെ.

ഇതുപോലെയുള്ള മററു രണ്ടു ചെടികളുടെ കാര്യങ്ങൾ മാത്രമേ ഇവിടെ സൂചിപ്പിക്കുന്നുള്ളു. ''മുന്നണിച്ചെടി,, എന്നഓമനപ്പേരിൽ അറിയപ്പെടുന്ന യൂപ്പിറേറാറിയം, ഭാരതത്തിന്റെ എല്ലാ മുക്കിലും മൂലയിലും എത്തിവേരുറച്ചിട്ടുണ്ട്. പൂർവ്വയാഫ്രിക്കൻ പ്രദേശത്തു നിന്ന് കച്ചവട ചരക്കുകളിലൂടെ കടന്നു കയറിയിട്ടുള്ള ഈ ചെടി, എല്ലായിടത്തും ശല്യമുളവാക്കുന്ന കളയാണ്. ഭാരത വൻകരയിൽ തന്നെയല്ല, ആൻഡമാൻ ദ്വീപസമൂഹങ്ങളിലും, ലക്ഷദ്വീപിലും എല്ലാം ഇതു പടർന്നിട്ടുണ്ട്.

''വേലിപ്പരത്തി,, (ചില സ്ഥലങ്ങളിൽ പൂച്ചെടിയെന്നും പറയും) മറെറാരു കളയാണ്. അലങ്കാരച്ചെടിയായിട്ടാണ് ആദ്യം രംഗത്തു വന്നത്. കമ്മലുപോലെ അഴകുള്ള പൂക്കൾ. കുരുമുളകു പോലെയുള്ള കുരുക്കൾ, ധാരാളം പച്ചിലച്ചാർത്തു കൊണ്ടു പന്തലിച്ചു വളരുന്ന സ്വഭാവം. ആകപ്പാടെ നല്ല അഴകുണ്ട്. പക്ഷികൾക്കു പ്രിയമാണ്, പഴുത്തകായ്. അതുകൊണ്ട് കൊച്ചു കിളികളെ ധാരാളമായി ആകർഷിക്കും. ആമാശയത്തിലെത്തുന്ന പഴത്തിന്റെ മധുര ഭാഗങ്ങൾ മാത്രമേ ദഹന വിധേയമാകൂ. കുരു അതുപോലെ പുറത്തു പോകും. വീഴുന്ന സ്ഥലത്തു കിടന്നു കിളിച്ചു വളരും. ഈ വിധത്തിൽ അസാധാരണമായ വേഗത്തിൽ ചെടി വ്യാപിക്കുന്നു. ഇന്ത്യയിൽ എതെങ്കിലും ഒരു സ്ഥലമില്ല, ഇതിന്റെ സ്വാധീനത്തിൽ വന്നിട്ടില്ലാത്തതായി. വനപ്രദേശങ്ങളിൽ പോലും ഇതു വലിയ പ്രശ്നമായി വളർന്നു കഴിഞ്ഞിരിക്കുകയാണ്.

പലപ്പോഴും പുതിയ സാഹചര്യങ്ങളിൽ ചെന്നുപെടുന്ന ജീവജാതികൾ, പ്രകൃതിയിലെ ശത്രുക്കളുടെ അഭാവം കൊണ്ട്, ക്രമാതീതമായി വർദ്ധിച്ച് മററുള്ളവയ്ക്ക് വെല്ലുവിളിയോ വിപത്തോ ആയി പരിണമിക്കാറുണ്ട്. വിരുന്നു വന്നവൻ വീട്ടുനാഥനായി മാറുന്ന ചിത്രമാണ് ഇവിടെയെല്ലാം നാം കാണുന്നത്. സ്വന്തം വർഗ്ഗ വർദ്ധനവിനും വ്യാപനത്തിനും വേണ്ടി ജീവജാതികൾ സ്വീകരിക്കുന്ന സ്വാർത്ഥത നിയന്ത്രിക്കുവാൻ പ്രകൃതി നിയമങ്ങളില്ല. ഇഷ്ടാനിഷ്ടങ്ങളോ, നന്മതിന്മകളോ ഒന്നും പ്രകൃതിയിൽ പ്രശ്നമല്ല. പ്രകൃതി എല്ലാററിലും തികഞ്ഞ നിസ്സംഗതയാണ് അവലംബിക്കുന്നത്.